ഉത്തരം

(എ) സംസ്ഥാനത്തെ ചില സ്കൂളുകളിൽ എസ്.എസ്.എൽ.സി. പരീക്ഷ നടക്കുന്ന സമയത്ത് ക്രമസമാധാനപ്രശ്നങ്ങളും പരീക്ഷയിൽ ക്രമക്കേടുകൾ നടത്തുന്നതിൽ വിദ്യാർത്ഥികളെ സഹായിക്കുന്നതിന് പുറമെനിന്നുള്ള ഇടപെടലുകളും ഉണ്ടാകാറുണ്ട്. ഇങ്ങനെയുള്ള നിർഭാഗ്യകരമായ സംഭവങ്ങൾ കർശനമായി നേരിടുന്നതിനാണ് ജില്ലാ കളക്ടർ ചെയർമാനായുള്ള ജില്ലാ പരീക്ഷാ കമ്മിറ്റി രൂപീകരിച്ചത്.

(ബി) ജില്ലാ കളക്ടർ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിക്ക് പരീക്ഷാ സംബന്ധമായി പുറമെ നിന്നുള്ള ഇടപെടലുകളും ക്രമസമാധാന പ്രശ്നങ്ങളും കർശനമായി നേരിടുന്നതിന് അനുയോജ്യമായ ഉദ്യോഗസ്ഥനെ പരീക്ഷാ കേന്ദ്രത്തിൽ നിരീക്ഷകനായി നിയമിക്കാവുന്നതാണ്. എന്നാൽ ടി. ഉദ്യോഗസ്ഥന് പരീക്ഷാ ഹാളിൽ പ്രവേശിക്കാനോ, പരീക്ഷാ സംബന്ധമായ ചുതമലകൾ നിർവഹിക്കാനോ ഉള്ള അധികാരമുണ്ടാവില്ല. അത്തരം ജോലികൾക്ക് അദ്ധ്യാപകരെയോ വിദ്യാഭ്യാസഉദ്യോഗസ്ഥരെയോ മാത്രമേ നിയോഗിക്കുന്നുള്ളു.

**ശിവഗിരി എസ്.എൻ.വി.എൽ.പി.എസിന് അംഗീകാരം**

103 (1224) ശ്രീ. എ. അലിഹസ്സൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വർക്കല നിയോജക മണ്ഡലത്തിലെ ശിവഗിരി എസ്.എൻ.വി.എൽ.പി. എസിന് അംഗീകാരം ലഭിക്കുന്നതിനും, അപ്ഗ്രേഡ് ചെയ്യുന്നതിനും വേണ്ടി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ ;

(ബി) ഈ സ്കൂളിനംഗീകാരം ലഭിക്കാതിരുന്നാൽ വിദ്യാർത്ഥികളും അദ്ധ്യാപകരും പിരിഞ്ഞുപോകേണ്ടി വരുമെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇതു് സംബന്ധിച്ച് സ്കൂളിലെ അദ്ധ്യാപികമാർ നൽകിയ നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ടോ ;

(ഡി) അതിന്മേൽ എന്തെങ്കടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് അറിയിക്കാമോ ?

ഉത്തരം

(എ,ബി&ഡി) ഉണ്ട്. പുതിയ സ്കൂളുകൾ ആരംഭിക്കുന്നതിനും അപ്ഗ്രേഡു ചെയ്യുന്നതിനും നയപരമായ തീരുമാനം ഇപ്പോൾ ഇല്ലാത്തതിനാൽ അപേക്ഷ പരിഗണിക്കാൻ നിർവ്വാഹമില്ല.

**തിരുവനന്തപുരം ജില്ലയിലെ അദ്ധ്യാപക നിയമനം സംബന്ധിച്ച്**

104 (1225) ശ്രീ. എം. വി. ജയരാജൻ : താഴെകാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ എൽ.പി./യു.പി. അദ്ധ്യാപക നിയമനത്തിനു വേണ്ടിയുള്ള റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുതറാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമനത്തിനായി എത്ര ഒഴിവുകൾ പി.എസ്.സി.ക്കു റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;



LIBRARY ARCHIVES Kerala Legislative Assembly